LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് കോപ്പിയടി നടത്തിയത് സംബന്ധിച്ച് നടപടി

80 [1490] ശ്രീ. റ്റി. വി. ചന്ദ്രമോഹൻ:

" പി. ജെ. ജോയി:

" കെ. എ. ചന്ദ്രൻ:

" എം. പി. ഗംഗാധരൻ:

" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ പരീക്ഷയ്ക്ക് കോപ്പിയടി നടത്തിയത് സംബന്ധിച്ച് എത്ര റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ബി) കോപ്പിയടി നടത്തിയതിന്റെ പേരിൽ എത്ര വിദ്യാർത്ഥികളുടെമേൽ നടപടിയെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16 റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) കോപ്പിയടി നടത്തിയെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 66 കുട്ടികളുടെ റിസൾട്ട് തടഞ്ഞുവച്ചിട്ടുണ്ട്.

2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ വിദ്യാഭ്യാസത്തിന് ചെലവഴിച്ച തുക

81 [1491] ശ്രീ. സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററി, കോളേജ് തലങ്ങളിൽ വിദ്യാഭ്യാസത്തിനുവേണ്ടി 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ചെലവഴിച്ച തുക പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്ക് എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസത്തിന് 3.5 ശതമാനത്തിന് പകരം 6 ശതമാനം വിഹിതം നീക്കിവച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വിദ്യാഭ്യാസത്തിന്റെ ഏതെല്ലാം മേഖലക്കാണ് കൂടുതൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?